## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *64**      **25.01.2018-ൽ മറുപടിയ്ക്ക്**

### പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും വീട്

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.കെ.വി.വിജയദാസ്
ശ്രീ. ഒ. ആർ. കേളു
ശ്രീ.സി.കൃഷ്ണൻ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും മൂന്നു വർഷത്തിനുള്ളിൽ വീടു നൽകുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം സംസ്ഥാനത്തെ ഭൂമിയുള്ളവരിൽ ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. 30.06.2016 തീയതിയിലെ സ്ഥിതി പ്രകാരം 15,149 കുടുംബങ്ങൾ ഭവനരഹിതരായി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളായ ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നിവയിൽപ്പെടുത്തി 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ പദ്ധതി പ്രകാരം 1062 വീടുകളും അനുവദിച്ചു.<br>31.03.2016 വരെ അനുവദിച്ചതും |

| | | | |
|---|---|---|---|
| | | | പൂർത്തിയാകാത്തതുമായ ഭവനങ്ങൾ ലൈഫ് മിഷൻ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വീടുകൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിക്കുന്നതാണ്. കൂടാതെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പണി പൂർത്തീകരിക്കാതെ കിടന്ന 39000 ൽ പരം വീടുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വിവിധ പദ്ധതികൾ പ്രകാരം പുതുതായി എത്ര വീടുകൾ അനുവദിച്ചെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിക്കാൻ സാധിച്ചുവെന്നും വെളിപ്പെടുത്താമോ; | ബി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മുൻ വർഷങ്ങളിൽ അനുവദിച്ച 17,605 വീടുകളും, ഐ.എ.വൈ പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പ് മുഖേന അനുവദിച്ച 18,473 വീടുകളും ഉൾപ്പെടെ 36,078 വീടുകൾ പൂർത്തീകരിക്കാനുണ്ടായിരുന്നു. ആയതിൽ വകുപ്പ് മുഖേന അനുവദിച്ച 17,605 വീടുകളിൽ 6,627 വീടുകളും, ഐ.എ.വൈ പദ്ധതി പ്രകാരം അനുവദിച്ച 18,473 വീടുകളിൽ 14,111 വീടുകളും ഉൾപ്പെടെ 20,738 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന ശേഷിക്കുന്ന വീടുകളുടെ പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വകുപ്പ മുഖേനയും ലൈഫ് മിഷൻ മുഖേനയും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന പദ്ധതി, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികൾ പ്രകാരം അനുവദിച്ച 6709 പുതിയ വീടുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |
| സി) | വീട് നിർമ്മിക്കാനായുള്ള ഭൂമി പോലും ഇല്ലാത്തവർക്ക് അക്കാരണത്താൽ മാത്രം വീട് നിർമ്മാണത്തിനുള്ള സഹായം നഷ്ടപ്പെടാതിരിക്കാനായി സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കുമോ? | സി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കണ്ടെത്തി 10 ലക്ഷം രൂപയിൽ കവിയാതെ വാങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്. ഭൂമിയും വീടുമില്ലാത്ത അത്തരക്കാർക്ക് ടി പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകി ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ ലൈഫ് മിഷൻ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ ഭൂരഹിതരായവർക്ക് ഭവന സമുച്ചയങ്ങളിൽ പുനഃരധിവസിപ്പിക്കുന്ന പദ്ധതി പ്രകാരവും ഇത്തരത്തിൽ ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ള പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**